"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 25.09.2025-ലെ 11/1 , 27.10.2025-ലെ 7/1 എന്നീ നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരിഗണനയ്ക്കായി റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.699/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 25.09.2025 തീയതിയിലെ 11/1 നമ്പർ തീരുമാനം.
2. പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 25.09.2025 തീയതിയിലെ 7/1 നമ്പർ തീരുമാനം.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.01.2026-ലെ LSGD/PD/2211/2026-AR5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ 290 HP മോട്ടോർ സ്ഥാപിച്ച് പ്ലൈവുഡ് കമ്പനി പ്രവർത്തിപ്പിക്കുന്നതിന് ശ്രീ. അബ്ദുൾ റഹ്മാൻ, തരകത്തേൽ, തോട്ടുമുഖം, ആലുവ മുതൽപ്പേർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിൽ ജനവാസ മേഖലയിൽ ഇനി ഒരു പ്ലൈവുഡ് കമ്പനി പ്രവർത്തിക്കുന്നതിന് അനുമതി നൽകേണ്ടതില്ല എന്ന് പരാമർശം 1 പ്രകാരം ഭരണസമിതി തീരുമാനമെടുത്തു.

ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സഹിതമുള്ള ലൈസൻസ് അപേക്ഷ നിരസിക്കാൻ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിക്ക് അധികാരം ഇല്ലാത്തതാണെന്നും അനുമതി നിഷേധിച്ച പഞ്ചായത്ത് തീരുമാനം പുന:പരിശോധിക്കണമെന്നും സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ മുൻ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതായി പരാമർശം 2 പ്രകാരം ഭരണസമിതി തീരുമാനമെടുത്തു. തുടർന്ന്, പഞ്ചായത്ത് സെക്രട്ടറി ടി വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി സർക്കാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 233(3) പ്രകാരം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, എത്രയും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന

കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത്, അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം, കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പതു ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ്. ആയതിനാൽ എല്ലാ രേഖകളും സഹിതം സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകൾ നിരസിക്കുന്നതിന് പഞ്ചായത്തിന് അധികാരമില്ലാത്തതാണെന്ന് പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1, 2 നമ്പർ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും കേരള പഞ്ചായത്ത് രാജ് ചട്ടം191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെപരിഗണനയ്ക്കായി വിട്ടുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ട്രിബ്യൂണൽ ഫോർ ലോക്കൽ ബോഡീസ്, ശ്രീമൂലം ബിൽഡിങ്സ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
സെക്രട്ടറി, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്, കുവള്ളൂർ പി.ഒ., എറണാകുളം ജില്ല- 686 671.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ,ഐ&പിആർഡി(വെബ് &ന്യൂമീഡിയ),തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി[LSGD-RC3/493/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Pradeesh M.
Date: 13-03-2026 14:54:35